പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3117. 28/01/2014 -ൽ മറുപടിക്ക്

**ആധാര പകർപ്പുകളുടെ ഡിജിറ്റൽ രൂപം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ<br>,, കെ. മുരളീധരൻ<br>,, കെ. ശിവദാസൻ നായർ. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ) രജിസ്ട്രേഷൻ വകുപ്പിൽ, ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിക്ക് 2011-2012 സാമ്പത്തിക വർഷം കൊട്ടാരക്കര (അഡീഷണൽ) സബ് രജിസ്ട്രാർ ഓഫീസിൽ തുടക്കം കുറിച്ചു. ഈ പദ്ധതി വിജയകരമാണെന്ന് മനസ്സിലാക്കിയതിനെ തുടർന്ന്, തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലം. പട്ടം, നേമം, ചാല, വർക്കല എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലെ 1980 മുതലുള്ള രേഖകൾ ഡിജിറ്റൈസ് ചെയ്യാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| ബി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകാമോ ; | ബി) 1. ആധാരങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിക്കേണ്ട രേഖകളുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനവ് വരുന്നു. എന്നാൽ, സബ് രജിസ്ട്രാർ ഓഫീസുകളിൽ പ്രസ്തുത രേഖകൾ സൂക്ഷിക്കുന്നതിന് പരിമിതമായ സൗകര്യമാണ് ഇപ്പോഴുള്ളത് . ഈ സാഹചര്യത്തിൽ, ആധാരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുവാൻ കഴിഞ്ഞാൽ ഈ പ്രശ്നം ഒഴിവാക്കുവാൻ സാധിക്കും. |

2.ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുകയാണെങ്കിൽ, കാലപ്പഴക്കംകൊണ്ടോ മറ്റേതെങ്കിലും കാരണവശാലോ വാല്യങ്ങൾ നശിച്ചുപോകുന്ന സാഹചര്യമുണ്ടായാൽ, ബന്ധപ്പെട്ട കക്ഷികൾക്ക് ആവശ്യമായ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്ത രേഖകൾ മുഖേന നൽകുവാൻ കഴിയും.

3.ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ, രജിസ്ട്രേഷൻ വകുപ്പ് ആരംഭിച്ചിട്ടുള്ള ഓൺലൈൻ രജിസ്ട്രേഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി, ഡിജിറ്റൽ കോപ്പികൾ താമസംവിനാ കക്ഷികൾക്ക് ഓൺലൈനായി നൽകുവാൻ സാധിക്കുന്നതാണ്.

സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിക്കുവേണ്ടി സഹകരിക്കുന്നത്;

സി) ഡിജിറ്റൈസേഷൻ പദ്ധതി സബ് രജിസ്ട്രാർ ആഫീസുകളിൽ നടപ്പിലാക്കുന്നതിന് സഹകരിച്ചുവരുന്നത്, സർക്കാർ അംഗീകൃത സ്ഥാപനമായ സി-ഡിറ്റ് ആണ്.

ഡി) ഈ പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്;

ഡി) കൊട്ടാരക്കര സബ് രജിസ്ട്രാർ ആഫീസിൽ ആധാരങ്ങൾ ഡിജിറ്റൽ രൂപത്തിൽ ആക്കുന്നതിനുള്ള സ്കാനിംഗ് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുകയും, പദ്ധതി വിജയകരമെന്ന് കണ്ടതിനെ തുടർന്ന് തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലം, പട്ടം, നേമം, ചാല, വർക്കല എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇ) എല്ലായിടത്തും ഇത് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഇ) NLRMP സ്കീമിൽ ഉൾപ്പെടുത്തി, സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ആഫീസുകളിലെയും 30 വർഷത്തെ ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ.